**ആഗസ്റ്റ് 15**

**മത്താ. 12:46-50; 12:53-57**

## പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം

**ഫാ. എബിൻ ഓരത്തേൽ CST**

ക്രൈസ്തവർ രണ്ടമ്മമാർ സ്വാതന്ത്ര്യത്തിലേയ്ക്ക് കുതിച്ചുയർന്നതിനെ അനുസ്മരിക്കുന്ന ദിനം. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിമത്തത്തിൽ നിന്ന് ഭാരതം സ്വപ്രയത്നം കൊണ്ട് ഉയിർത്തെഴുന്നേറ്റു 1947 ആഗസ്റ്റ് 15-ന്. ദൈവിക നിയോഗം ഭൂമിയിൽ ഭംഗിയായി നിറവേറ്റിയതിനാൽ പൂർണ്ണ സ്വാതന്ത്ര്യത്തിലേയ്ക്ക് പ്രവേശിക്കുന്നതിനായി പരി. അമ്മയെ ദൈവം ഉടലോടുകൂടെ സ്വർഗ്ഗത്തിലേയ്ക്ക് എടുത്തതിനെ ആഘോഷിക്കുന്ന തിരുദിനം കൂടിയാണ്. ഈ രണ്ടിടങ്ങളിലും സ്വാതന്ത്ര്യമാണ് ആഘോഷിക്കപ്പെടുന്നത്, ആസ്വദിക്കപ്പെടുന്നത്. എല്ലാ സ്വാതന്ത്ര്യദിനങ്ങളിലും ഒരു സമൂഹത്തിൽ നിന്ന് ഒരു പ്രതിനിധി മനോഹരമായ സ്വാതന്ത്ര്യദിന സന്ദേശം നല്കാറുണ്ട്. മിക്കപ്പോഴും അതിലെ പ്രതിപാദന വിഷയം സ്വാതന്ത്ര്യസമര കാലത്ത് നടന്ന കഷ്ടപ്പാടുകളും ജീവത്യാഗങ്ങളും ഒപ്പം ഇന്ന് സ്വാതന്ത്ര്യത്തിന് തടസ്സമായി നിൽക്കുന്ന സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലങ്ങളെ വെല്ലുവിളിക്കുന്നതുമാണ്. സ്വാതന്ത്ര്യത്തിന്റെ ലംഘനം ഒരു ഭരണസംവിധാനം നിഷേധിക്കുന്ന കാര്യങ്ങളിൽ മാത്രമായി നാം ഒതുക്കുന്നില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അവ ഒത്തിരിയേറെ ലംഘിക്കപ്പെടുന്നുവെന്നത് അതിന്റെ മറുവശം.

സ്വാതന്ത്ര്യത്തെ വ്യക്തിപരമായും സാമൂഹികമായും നമുക്ക് സമീപിക്കാനാവും. എന്റെ സ്വാതന്ത്ര്യത്തെ ആർക്കെങ്കിലും യഥാർത്ഥത്തിൽ തടയാനാകുമോ? ലക്ഷ്യത്തിന് പ്രാധാന്യം കല്പിക്കുന്നൊരാൾ അതിലേക്കുള്ള മാർഗ്ഗം ഒന്നിലേക്ക് മാത്രമായി ചുരുക്കുകയും ആ മാർഗ്ഗത്തെ ആരെങ്കിലും തടയുകയും ചെയ്യുന്നത് സ്വാതന്ത്ര്യനിഷേധമായി വ്യാഖ്യാനിക്കാമെങ്കിലും ആ ലക്ഷ്യത്തെ പാതിവഴിയിൽ ഉപേക്ഷിക്കുന്നത് അയാൾക്ക് ഭൂഷണമല്ല. ആ ലക്ഷ്യം ആ വ്യക്തിക്ക് പ്രധാനപ്പെട്ടതായിടത്തോളം മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് പ്രധാനം. ഉദാഹരണത്തിന് മഹാത്മാഗാന്ധി എന്തും ചെയ്യാൻ മടിക്കാത്ത ബ്രിട്ടീഷുകാർക്കെതിരെ നിലകൊണ്ടത് പല മുറകളിലൂടെയാണ്. ഓരോന്നും അടിച്ചമർത്തപ്പെട്ടപ്പോൾ മറ്റൊന്നിലേക്ക് തിരിഞ്ഞു. എന്നാൽ എല്ലാത്തിന്റെയും അന്തഃസത്തയായി തിരഞ്ഞെടുത്തത് സമാധാനവും അഹിംസയുമാണ്. അദ്ദേഹം ആരംഭിച്ച ഒരു മാർഗ്ഗം നിഷേധിക്കപ്പെട്ടപ്പോൾ സ്വാതന്ത്ര്യസമരം നിർത്തി വെച്ചിരുന്നെങ്കിൽ ഭാരതത്തിന് സ്വാതന്ത്ര്യ പ്പുലരി കാണാനാവുമായിരുന്നോ? ഏത് കാര്യത്തിനുമുള്ള തീരുമാനവും സ്വാതന്ത്ര്യവും അതിന് വ്യക്തിപരമായി അയാൾ കൊടുക്കുന്ന പ്രാധാന്യമാണ്. ഇന്നത്തെ തലമുറയ്ക്കു സംഭവിക്കുന്ന ഏറ്റവും വലിയ പരാജയകാരണം സ്വാതന്ത്ര്യമെന്നത് ഒരു 'വൺവേ' മാത്രമാണെന്നതാണ്. ആ വഴിയിൽ പൂക്കൾ വിരിച്ച് എല്ലാവരും നില്ക്കണമെന്നാണ് ആഗ്രഹം.

സ്വാതന്ത്ര്യത്തിന് സാമൂഹികപരമായ മാനവുമുണ്ട്. ഒരു ലക്ഷ്യത്തെ മുൻനിർത്തി പരീക്ഷയെ അഭിമുഖീകരിക്കുന്ന ഒരു കുട്ടി പരീക്ഷയ്ക്ക് തോറ്റാലും ഇനിയും മറ്റ് സാധ്യതകളുണ്ടെന്ന് പഠിപ്പിക്കാനുള്ള ഉത്തരവാദിത്വം കുടുംബത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമുണ്ട്. ഏത് തൊഴിലിന്റെയും ലക്ഷ്യം സാമ്പത്തികവും സാമൂഹികവുമായ ഭദ്രത ഉറപ്പാക്കലാണ്. നിർഭാഗ്യവശാൽ ഇന്ന് സംഭവിക്കുന്നതോ ഒരു കുട്ടി ജനിക്കുന്നതിനു മുമ്പു തന്നെ മാതാപിതാക്കൾ ആ കുട്ടി എത്തിച്ചേരേണ്ട പ്രൊഫഷൻ തീരുമാനിക്കുകയും അതനുസരിച്ച് പിന്നീട് പഠനകാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്നു. എന്നാൽ പരീക്ഷയിൽ വിജയം വരിക്കാൻ കഴിയാതെ വരുമ്പോൾ മറ്റ് സാധ്യതകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുടുംബം നല്കാത്തതിനാൽ നിരാശയിലും തുടർന്ന് ആത്മഹത്യയിലും അവസാനിക്കുന്നു.

കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന ന്യൂ നാഷണൽ എഡ്യുക്കേഷൻ പോളിസിയിൽ വിഭാവനം ചെയ്തിരിക്കുന്ന ഒരു കാര്യം സ്വാതന്ത്ര്യത്തിന്റെ ഒരു വിശാല വാതിലാണ്. യൂറോപ്പിലൊക്കെ വർഷങ്ങൾക്കു മുമ്പേ പിന്തുടരുന്ന രീതിയാണിത്. ഒരു കുട്ടിയുടെ അഭിരുചി തിരിച്ചറിഞ്ഞ് പ്രൊഫഷൻ തിരഞ്ഞെടുക്കുന്ന രീതി. ഒരു തുണിക്കടയിൽ കയറി ഒരാൾക്കിഷ്ടപ്പെട്ട കളറും മോഡലും നോക്കി തിരഞ്ഞെടുക്കുന്ന വിധമാകണം ഒരു കുട്ടിയുടെ വിദ്യാഭ്യാസവും തൊഴിലും. അപ്പോഴാണ് വ്യക്തിയുടെ സ്വാതന്ത്ര്യം പുഷ്പിക്കുന്നത്. കുറച്ചു വർഷങ്ങൾക്ക് മുമ്പു വരെ 'ഇന്റലിജൻസ്' എന്നത് ഒരാൾ ക്കുള്ള ബൗദ്ധികമായ കഴിവെന്നാണ് കരുതിയിരുന്നത്. എന്നാൽ മനഃശാസ്ത്രത്തിൽ ഇന്റലിജൻസ് ഒത്തിരി കാര്യങ്ങളിൽ ഉൾപ്പെടുന്നു. ആശാരിപ്പണി ചെയ്യുന്നത് ഇന്റലിജൻസ് ആണ്. തൂമ്പപ്പണി എടുക്കുന്നത് ഇന്റലിജൻസ് ആണ്. ഗവൺമെന്റ് ഓഫീസ് ജോലി ചെയ്യുന്നവർ ആ മേഖലയിൽ ഇന്റലിജന്റ് ആണ്. ചുരുക്കത്തിൽ ഒരാളുടെ അഭിരുചിയിലുള്ള പ്രാവീണ്യമാണ് ഇന്റലി

ജൻസ്. അങ്ങനെയെങ്കിൽ എങ്ങനെ താരതമ്യം സാധ്യമാകും? ഒരാളുടെ അഭിരുചിയുടെ പൂർത്തീകരണം സാധ്യമാക്കലാണ് സമൂഹത്തിന് നല്കാവുന്ന ഏറ്റവും വലിയ സ്വാതന്ത്ര്യം. അല്ലാതെ സമൂഹം വരയ്ക്കുന്ന വരയിലൂടെ നടക്കുന്നവർക്ക് കൊടുക്കേണ്ട ലൈസൻസായി സ്വാതന്ത്ര്യത്തെ ചുരുക്കരുത്.

അതിനാൽ സ്വാതന്ത്ര്യം എന്നും ഒരു തർക്കവിഷയമാണെങ്കിലും ഒരാളുടെ ലക്ഷ്യപ്രാപ്തി അയാളുടെതന്നെ സ്വാതന്ത്ര്യത്തെ ആശ്രയിച്ചിരിക്കും. അത് പ്രതിസന്ധികൾക്കിടയിലും അയാൾ തിരഞ്ഞെടുക്കുന്ന സാധ്യതകളാണ്. ഒപ്പം സമൂഹം വ്യക്തിക്ക് നല്കേണ്ട സ്വാതന്ത്ര്യം അയാളുടെ അഭിരുചിക്ക് നല്കേണ്ട കട്ട സപ്പോർട്ടാണ്.